# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **6060** 04.07.2019-ൽ മറുപടിക്ക്

## തൃശ്ശൂർ ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | **പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ യു.പി. സ്കൂളുകളിൽ നിലവിൽ എത്ര യു.പി.എസ്.എ. തസ്തികകളാണുള്ളത്; ഇതിൽ എത്ര തസ്തികയിലെ ഒഴിവുകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എത്ര ഒഴിവുകളാണ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) തൃശ്ശൂർ ജില്ലയിൽ 2018-19 സ്റ്റാഫ് ഫിക്സേഷൻ പ്രകാരം 644 യു.പി.എസ്.എ. തസ്തികകളാണുള്ളത്. ആയതിൽ 120 യു.പി.എസ്.എ ഒഴിവുകളാണ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 75 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും 8 ഒഴിവുകൾ തസ്തിക മാറ്റ നിയമനത്തിനായും പി.എസ്.എസിക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) 2019-20 ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരമുള്ള ഒഴിവുകൾ ഉൾപ്പെടെ ആകെ എത്ര ഒഴിവുകളാണ് പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.എ. തസ്തികയിൽ ഈ അദ്ധ്യയന വർഷം പ്രതീക്ഷിക്കുന്നത്; അറിയിക്കുമോ; | (ബി) 2019-20 ലെ തസ്തിക നിർണയം പൂർത്തീകരിച്ചിട്ടില്ല. ആയതിനു ശേഷം മാത്രമേ കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (സി) ഈ ജില്ലയിലെ യു.പി.എസ്.എ. തസ്തികയിൽ 05.01.2019-ന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ദിവസ വേതന | (സി) ഉണ്ട്. 32 യു.പി.എസ്.എ. അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | നിരക്കിൽ ജീവനക്കാർ പ്രസ്തുത തസ്തികയിൽ ജോലിയിൽ തുടരുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര ലീവ് വേക്കൻസിയിലാണ് ജീവനക്കാർ ഇപ്പോഴും തുടരുന്നത്; വ്യക്തമാക്കുമോ; | | |
| (ഡി) | ലീവ് വേക്കൻസി വഴി സംജാതമായ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഈ ഒഴിവുകളിൽ നടത്തിയ ദിവസ വേതന നിയമനം ഒഴിവാക്കി പകരം നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അടിയന്തരമായി നിയമനം നടത്താൻ നടപടി സ്വീകരിയ്ക്കുമോ ; | (ഡി) | ഇല്ല. ഹ്രസ്വകാല അവധി ഒഴിവുകളിൽ പി.എസ്.സി നിയമനം നടത്താറില്ല. |
| (ഇ) | നിലവിൽ തൃശ്ശൂർ ജില്ലയിൽ സർക്കാർ യു.പി.എസ്.എ. തസ്തികയിലുള്ള എത്ര പേർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്; പ്രസ്തുത തസ്തികയിൽ സംരക്ഷിത അദ്ധ്യാപകരും പി.ഡി. അദ്ധ്യാപകരും എത്ര പേർ വീതമാണുള്ളത് എന്ന് അറിയിക്കുമോ? | (ഇ) | നിലവിൽ തൃശ്ശൂർ ജില്ലയിൽ സ്ഥാനക്കയറ്റം ലഭിച്ച യു.പി. അധ്യാപകർ ആരും തന്നെ ഇല്ല. അടച്ച് പൂട്ടപ്പെട്ട സ്കൂളുകളിൽ നിന്നുള്ള 2 യു.പി.സംരക്ഷിതാധ്യാപകർ മാത്രമേ നിലവിൽ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ